**FIRST TERMINAL EVALUATION – 2024-'25**
**SOCIAL SCIENCE**

**ANSWER KEY**

**STD X**


**BIJU.M**
**GHSS PRAPPA**
**KASARGOD**

**COLIN JOSE.E**
**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**


| Qn No: | VALUE POINTS | Score |
|---|---|---|
| | **1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം** | |
| **1** | **പ്രാതിനിധ്യമില്ലാതെ നികുതിയില്ല :**<br>a) അമേരിക്കൻ സ്വാതന്ത്ര്യ സമരം | **1** |
| **2** | **ലോക സമാധാന സംഘടന :**<br>c) ഐക്യരാഷ്ട്രസംഘടന | **1** |
| **3** | **മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിനങ്ങൾ അറിയപ്പെടുന്നത് :**<br>b) വിഷുവങ്ങൾ | **1** |
| **4** | **മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതയിൽ പെടാത്തത് :**<br>a) ജനസാന്ദ്രത | **1** |
| **5** | **റോക്കി പർവതനിരയുടെ കിഴക്കേ ചരിവിൽ വീശുന്ന കാറ്റ് :**<br>d) ചിനൂക്ക് | **1** |
| | **6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം** | |
| **6** | **ഋതുഭേദങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ :**<br>• ഭൂമിയുടെ പരിക്രമണം<br>• അച്ചുതണ്ടിന്റെ സമാന്തരത<br>• സൂര്യന്റെ അയനം<br>• അച്ചുതണ്ടിന്റെ ചരിവ് | **3** |
| **7** | **നെപ്പോളിയന്റെ പരിഷ്കാരങ്ങൾ :**<br>• പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി<br>• പൊതു കടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിച്ചു<br>• ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമ്മിച്ചു<br>• നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമ സംഹിത ഉണ്ടാക്കി | **3** |
| **8** | **ഇ – ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ:**<br>• സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ട.<br>• വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.<br>• സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു. | **3** |

| | | |
|---|---|---|
| | • ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു. | |
| 9 | **മൺസൂൺ കാറ്റുകളുടെ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ:**<br>• സൂര്യന്റെ അയനം<br>• കോറിയോലിസ് പ്രഭാവം<br>• തപനത്തിലെ വ്യത്യാസങ്ങൾ | 3 |
| 10 | **സോവിയറ്റ് യൂണിയന്റെ തകർച്ച :**<br>• സോഷ്യലിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ നിന്നുള്ള വ്യതിചലനം<br>• ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും<br>• മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ<br>• സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം | 3 |
| 11 | **ജനസംഖ്യാ പഠനത്തിന്റെ പ്രാധാന്യം:**<br>• രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ.<br>• ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അറിയാൻ.<br>• ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ.<br>• സാമ്പത്തിക – സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കാൻ. | 3 |
| 12 | **കുറിച്യകലാപത്തിന്റെ കാരണങ്ങൾ :**<br>• ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്<br>• നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്<br>• നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത് | 3 |
| 13 | **അന്തരീക്ഷമർദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം** :<br>a) രസബാരോമീറ്റർ<br>**സമമർദരേഖകൾ:**<br>b) ഒരേ അന്തരീക്ഷമർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകൾ<br>**അന്തരീക്ഷമർദം രേഖപ്പെടുത്തുന്ന ഏകകം:**<br>c) മില്ലിബാർ/ഹെക്ടോപാസ്കൽ | 3 |
| 14 | **വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ :**<br>• സംയോജിത ശിശു വികസന പരിപാടി.(ICDS)<br>• സമഗ്രശിക്ഷാ അഭിയാൻ(SSA)<br>• രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA)<br>• നാഷണൽ സ്കിൽ ഡവലപ്മെൻറ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | 3 |

**15 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം**

15 (4)

| A | B |
|---|---|
| ജവഹർലാൽ നെഹ്റു | ചേരിചേരാ പ്രസ്ഥാനം |
| ബെനിറ്റോ മുസ്സോളിനി | കരിങ്കുപ്പായക്കാർ |
| യാസർ അറഫാത്ത് | പാലസ്തീൻ വിമോചനസംഘടന |

| | | |
|---|---|---|
| | അഡോൾഫ് ഹിറ്റ്ലർ \| തവിട്ടുകുപ്പായക്കാർ | |
| **16** | **ചക്രവാതങ്ങൾ :**<br>• ന്യൂനമർദഅന്തരീക്ഷത്തിൽ ഒരു ന്യൂനമർദ്ദപ്രദേശവും അതിനുചുറ്റുമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപംകൊള്ളുന്നതിന് കാരണമാകുന്ന കേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദ്ദപ്രദേശങ്ങളിൽ നിന്നും അതിശക്തമായി കാറ്റ് ചുഴറ്റിവീശുന്നു<br>• ഉത്തരാർദ്ധഗോളത്തിലെ  ചക്രവാതങ്ങളിൽ കാറ്റ് എതിർഘടികാരദിശയിൽ വീശുന്നു<br>• ദക്ഷിണാർദ്ധഗോളത്തിൽ ഇത് ഘടികാരദിശയിലാണ്<br>**പ്രതിചക്രവാതം :**<br>• ഉച്ചമർദകേന്ദ്രങ്ങളിൽ നിന്നും ചുറ്റുമുള്ള ന്യൂനമർദപ്രദേശങ്ങളിലേക്ക് ശക്തമായി കാറ്റ് ചുഴറ്റി വീശുന്ന പ്രതിഭാസമാണ് പ്രതിചക്രവാങ്ങൾ.<br>• കോറിയോലിസ് പ്രഭാവത്താൽ ഉത്തരാർധഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റ് വീശുന്നത് ഘടികാരദിശയിലാണ്.<br>• ദക്ഷിണർഗോളത്തിൽ കാറ്റ് എതിർ ഘടികാരദിശയിലായിരിക്കും. | **4** |
| **17** | **ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ:**<br>**<u>ശ്രേണീപരമായ സംഘാടനം</u>**<br>• ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി.<br>**<u>സ്ഥിരത</u>**<br>• ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത പ്രായം വരെ സേവനകാലാവധി ഉണ്ടായിരിക്കും.<br>**<u>യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം.</u>**<br>• വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നകയും നിയമിക്കുകയും ചെയ്യുന്നത്.<br>**<u>രാഷ്ട്രീയ നിഷ്പക്ഷത</u>**<br>• ഉദ്യോഗസ്ഥർ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണം.<br>**<u>വൈദഗ്ധ്യം</u>**<br>• ഉദ്യോഗസ്ഥർ അവരുടെ തൊഴിലിൽ വൈദഗ്ധ്യം  ഉള്ളവരായിരിക്കും. | **4** |
| **18** | **ലാറ്റിനമേരിക്കൻ വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ:**<br>• സ്പെയിൻകാരും പോർച്ചുഗീസ്കാരും ലാറ്റിനമേരിക്കയെ കോളനിയാക്കി<br>• സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ നടപ്പിലാക്കി<br>• സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു<br>• സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി<br>• യൂറോപ്യരിൽനിന്ന് പുതിയ രോഗങ്ങൾ  ലാറ്റിനമേരിക്കൻ ജനതയിലേക്ക് പകർന്നു<br>• എല്ലാ രംഗങ്ങളിലും വംശീയവിവേചനം പുലർത്തി<br>• ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു | **4** |

| | | |
|---|---|---|
| | • അടിമകളെപ്പോലെ പണിയെടുപ്പിച്ചു | |
| **19** | **മധ്യരേഖാ ന്യൂനമർദ്ദമേഖല:**<br>• മധ്യരേഖയ്ക്ക് തെക്ക് 5 ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിൽ<br>• വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു.<br>• സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും ഉയരുകയും ചെയ്യുന്നതിനാൽ ഇവിടെ ന്യൂനമർദ്ദം അനുഭവപ്പെടുന്നു.<br>• 'നിർവാതമേഖല' എന്നും അറിയപ്പെടുന്നു | **4** |
| **20** | <u>**ഗ്രീഷ്മ അയനാന്തദിനം**</u><br>• ജൂൺ 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്ക് മുകളിലായിരിക്കും.<br>• ഇത് **ഗ്രീഷ്മ അയനാന്തദിനം**_ എന്നറിയപ്പെടുന്നു.<br>• ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു<br><u>**ശൈത്യ അയനാന്തദിനം**</u><br>● ഡിസംബർ 22 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയ്ക്ക് മുകളിലായിരിക്കും.<br>● ഇത് **ശൈത്യ അയനാന്തദിനം** എന്നറിയപ്പെടുന്നു.<br>● ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയും ഏറ്റവും ഹ്രസ്വമായ പകലും അനുഭവപ്പെടുന്നു | **4** |
| **21** | **വിവരാവകാശ നിയമം:**<br>• അഴിമതി നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുന്നതിനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു<br>• പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും ഈ നിയമത്തിലൂടെ കഴിയുന്നു<br>• വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്<br>• '**മസ്ദൂർ കിസാൻ ശക്തി സംഘാതൻ**' എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാകാശ നിയമനിർമാണത്തിലേക്ക് നയിച്ചത് | **4** |
| **22** | **മാനവവിഭവശേഷി വികസനത്തിന്റെ തലങ്ങൾ:**<br>• **വ്യക്തികൾ** സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.<br>• **കുടുംബം** വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.<br>• **വിവിധ സ്ഥാപനങ്ങളും ഏജൻസികളും** പഠനം , പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.<br>• **രാഷ്ട്രം** ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ | **4** |

| | | |
|---|---|---|
| | സൗകര്യങ്ങൾ ഒരുക്കുന്നു. | |
| **23** | **ഫാഷിസത്തിന്റെ സവിശേഷതകൾ:**<br>• ജനാധിപത്യത്തോടുള്ള വിരോധം.<br>• സോഷ്യലിസത്തോടുള്ള എതിർപ്പ്.<br>• യുദ്ധത്തെ മഹത്വവൽക്കരിക്കൽ.<br>• തീവ്രദേശീയത പ്രചരിപ്പിക്കൽ.<br>• വംശമഹിമ ഉയർത്തിപ്പിടിക്കൽ.<br>• സൈനീകസ്വേച്ഛാധിപത്യം.<br>• ഭൂതകാലത്തെ പ്രകീർത്തിക്കൽ. | **4** |
| **24** | **ഹേമന്തകാലത്തിന്റെ പ്രത്യേകതകൾ:**<br>• വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം.<br>• അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.<br>• പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.<br>• മരങ്ങൾ ഇല പൊഴിക്കുന്ന കാലം.<br>• സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തൽ ഹേമന്തകാലമാണ്. | **4** |
| **25** | **മെർക്കന്റലിസ്റ്റ് നിയമങ്ങൾ :**<br>• കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.<br>• കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ.<br>• കോളനികളിലെ നിയമപരമായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിച്ചിരിക്കണം.<br>• കോളനികളിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങളും മറ്റും കോളനിക്കാർ നൽകണം.<br>• കോളനികളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിചുങ്കം നൽകണം. | **4** |
| **26** | **<u>റയട്ട് വാരി വ്യവസ്ഥ</u>**<br>• കർഷകനിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.<br>• അമിതമായ നികുതി നിരക്ക്.<br>• നികുതി നിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു.<br>• കർഷകർ ഭൂഉടമകൾ.<br>**<u>മഹൽവാരി വ്യവസ്ഥ</u>**<br>• ഗ്രാമത്തലവന്മാരായിരുന്നു നികുതി പിരിച്ചിരുന്നത്.<br>• നികുതി നിരക്ക് അമിതമായിരുന്നു.<br>• ഗ്രാമത്തെ(മഹൽ)ഒരുയൂണിറ്റായി കണക്കാക്കിയായിരുന്നു നികുതി പിരിച്ചിരുന്നത്. | **4** |

| ചോദ്യം 27 ന് 5 സ്കോർ | | |
|---|---|---|
| 27 | **ഗ്രീനിച്ച് സമയം**<br>• ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.<br>**സ്റ്റാൻഡേർഡ് സമയം:**<br>• ലോകത്തിലെ ഓരോ രാജ്യവും രാജ്യത്തിന്റെ ഏറെക്കുറേ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു<br>• മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ സ്റ്റാൻഡേർഡ് സമയം (മാനകസമയം)<br>**ഇന്ത്യയുടെ മാനകരേഖാംശം:**<br>• $82\ ^1/_2{}^o$ പൂർവരേഖാംശം.<br>**അല്ലെങ്കിൽ**<br>**B) ആഗോളവാതങ്ങൾ:**<br>• ആഗോള മർദ്ദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ പൊതുവിൽ ആഗോളവാതങ്ങൾ എന്ന് വിളിക്കുന്നു.<br>**പശ്ചിമവാതങ്ങൾ**<br>• ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ.<br>• കാറ്റിന്റെ ദിശ ഏറെക്കുറേ പടിഞ്ഞാറുനിന്നായതുകൊണ്ട് ഇവയെ പശ്ചിമവാതങ്ങൾ എന്നുവിളിക്കുന്നു.<br>• ദക്ഷിണാർദ്ധഗോളത്തിൽ പശ്ചിമവാതങ്ങളുടെ ശക്തി ഉത്താരാർദ്ധഗോളത്തിലേതിനേക്കാൾ കൂടുതലാണ്.<br>• റോറിംഗ് ഫോർട്ടീസ് ,ഫ്യൂരിയസ് ഫിഫ്റ്റിസ് ,ഷ്റീക്കിംഗ് സിക്സ്റ്റീസ്<br>**വാണിജ്യവാതങ്ങൾ**<br>• ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും മദ്യരേഖാ ന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ<br>• ഉത്തരാർദ്ധഗോളത്തിൽ ഈ വടക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്നുവിളിക്കുന്നു<br>• ദക്ഷിണാർദ്ധഗോളത്തിൽ തെക്ക് കിഴക്ക് ദിശയിൽ വീശുന്നതിനാൽ തെക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്നുവിളിക്കുന്നു<br>**ധ്രുവീയ പൂർവവാതങ്ങൾ**<br>• ധ്രുവീയഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ<br>• കോറിയോലിസ് ബലം നിമിത്തം ഇവാ ഇരു അർദ്ധഗോളങ്ങളിലും കിഴക്ക | 5 |

| | | |
|---|---|---|
| | ദിശയിൽ നിന്ന് വീശുന്നതിനാൽ ഇവ ധ്രുവീയ പൂർവവാതങ്ങൾ എന്നറിയപ്പെടുന്നു | |
| | **ചോദ്യം 28 ന് 6 സ്കോർ** | |
| **28** | **A) ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ :**<br>➢ സൈനിക സഖ്യങ്ങളുടെ രൂപീകരണം<br>➢ തീവ്രദേശീയത<br>➢ സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ<br>➢ ആസ്ട്രിയൻ കിരീടാവകാശിയുടെ വധം<br>**<u>സൈനിക സഖ്യങ്ങളുടെ രൂപീകരണം</u>**<br>• ജർമ്മനി ,ആസ്ട്രിയ -ഹംഗറി ,ഇറ്റലി എന്നി രാജ്യങ്ങൾ ചേർന്ന് **<u>ത്രികക്ഷിസഖ്യം</u>** രൂപികരിച്ചു<br>• ഇംഗ്ലണ്ട് ,ഫ്രാൻസ് ,റഷ്യ എന്നി രാജ്യങ്ങൾ ചേർന്ന് **<u>ത്രികക്ഷിസൗഹാർദ്ദം</u>** രൂപികരിച്ചു<br>• ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു<br>• അവർ വിനാശകാരികളായ പുതിയ ആയുധങ്ങൾ നിർമ്മിക്കുകയും വാങ്ങിക്കൂട്ടുകയും ചെയ്തു<br><br>**<u>തീവ്രദേശീയത</u>**<br>• മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കിഴടക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു .ഇതാണ് തീവ്രദേശീയത<br>• തീവ്രദേശീയതയുടെ വളർച്ച യൂറോപ്പിൽ ചില പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി - പാൻ സ്ലാവ് പ്രസ്ഥാനം ,പാൻ ജർമ്മൻ പ്രസ്ഥാനം,പ്രതികാര പ്രസ്ഥാനം<br>**സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ :**<br>**<u>മൊറോക്കൻ പ്രതിസന്ധി</u>**<br>• 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു<br>• എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല<br>• ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു<br>**<u>ബാൾക്കൻ പ്രതിസന്ധി</u>**<br>• ബാൽക്കൻ മേഖല ഓട്ടോമൻ തുർക്കിയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു<br>• 1921 ൽ ബാൽക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി<br>• എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൻ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി<br>• ഇത് ബാൽക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കാരണമായി<br>**<u>ആസ്ട്രിയൻ കിരീടാവകാശിയുടെ വധം</u>**<br>• 1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വച്ച് സെർബിയൻ യുവാവ് വെടി വെച്ചു കൊന്നു | **6** |

- സെർബിയയാണ് ഇതിനുത്തരവാദിയെന്ന് പ്രഖ്യാപിച്ച് ആസ്ട്രിയ സെർബിയക്കുമേൽ 1914 ജൂൺ 28 ന് യുദ്ധം പ്രഖ്യാപിച്ചു

**അല്ലെങ്കിൽ**

**B) ചൈനീസ് വിപ്ലവം :**

**ഡോ. സൻയാത് സെൻ:**

- മഞ്ചു രാജഭരണത്തിനെതിരെ ചൈനയിൽ വിപ്ലവം നടത്തി
- ഇത് ചൈനയിൽ രാജവാഴ്ചക്ക് അന്ത്യം കുറിച്ചു
- അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു
- ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി

**മാവോ സെ തുംഗ്:**

- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി മാവോ സെ തുംഗ് ഉയർന്നുവന്നു.
- 1934 ൽ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽനിന്ന് ഒരു യാത്ര ആരംഭിച്ചു.
- ഏദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര 'ലോങ്മാർച്ച്' എന്നറിയപ്പെടുന്നു.
- യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽനിന്നും പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- മാവോയുടെ നേതൃത്വത്തിലുള്ള 'ചുവപ്പുസേന' കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.

***Colin Jose E***
***Dr.AMMR GOVT HSS Kattela***

***Biju.M***
***GHSSParappa***